ഉത്തരം

സപ്ലൈകോ പള്ളുരുത്തി സൂപ്പർ മാർക്കറ്റിൽ ഓണക്കാലത്തുണ്ടാകുന്ന തിരക്ക് പരിഗണിച്ച് പ്രത്യേകം കൗണ്ടറുകളോടെ ഓണചന്ത തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സപ്ലൈകോയുടെ ഹൈപ്പർ മാർക്കറ്റ്

78 (5756) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയുടെ ആധുനിക സൗകര്യങ്ങളോടുകൂടിയ ഹൈപ്പർ മാർക്കറ്റിന് ശിലാഫലകം സ്ഥാപിച്ചിട്ടുണ്ടോയെന്നറിയിക്കുമോ ; എങ്കിൽ എന്നാണ് സ്ഥാപിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മാർക്കറ്റ് നിർമ്മാണത്തിന് ആർക്കാണ് ചുമതല എന്നും എത്ര രൂപയ്ക്കാണ് കരാർ നൽകിയതെന്നും കരാറുകാരൻ ആരെന്നും വ്യക്തമാക്കുമോ ;

(സി) ഇതിന്റെ പണി എത്ര ശതമാനം പൂർത്തിയായെന്നും കരാർ കാലാവധി എന്ന് അവസാനിക്കുമെന്നും വെളിപ്പെടുത്തുമോ ;

(ഡി) ഹൈപ്പർ മാർക്കറ്റിനുവേണ്ടി നിർത്തലാക്കിയിരിക്കുന്ന സൂപ്പർ മാർക്കറ്റ് തിരുവനന്തപുരത്ത് ടാഗോർ തിയറ്റർവളപ്പിലോ വനം വകുപ്പ് ആസ്ഥാനത്തോ മറ്റ് എവിടെയെങ്കിലും തുറന്ന് പ്രവർത്തിക്കുവാൻ നടപടി കൈകൊള്ളുമോ ;

(ഇ) വഴുതക്കാട്ടെ നിർദ്ദിഷ്ട ഹൈപ്പർ മാർക്കറ്റിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുവാൻ ഉന്നതതല സമിതിയെ നിയോഗിക്കുമോ ?

ഉത്തരം

(എ) താഴെപ്പറയുന്ന സ്ഥലങ്ങളിൽ സപ്ലൈകോ ഹൈപ്പർമാർക്കറ്റ് തുടങ്ങുന്നതിനുള്ള ശിലാഫലകം സ്ഥാപിച്ചിട്ടുണ്ട്. എറണാകുളം, തലശ്ശേരി, വഴുതക്കാട്, കോട്ടയം എന്നീ സ്ഥലങ്ങളിൽ യഥാക്രമം 4-1-2007, 20-4-2008, 22-2-2007, 1-9-2003 തീയതികളിലാണ് ശിലാഫലകം സ്ഥാപിച്ചിട്ടുള്ളത്. എറണാകുളം ഗാന്ധിനഗറിൽ ഹൈപ്പർ മാർക്കറ്റിന്റെ പ്രവർത്തനം 2009 ആഗസ്റ്റിൽ ആരംഭിച്ചു.

(ബി) എറണാകുളം ഗാന്ധിനഗറിൽ ഹൈപ്പർ മാർക്കറ്റിന്റെ നിർമ്മാണ ചുമതല കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിനാണ് നൽകിയിരുന്നത്. ആയതിന്റെ കരാർ തുക 89,50,000 രൂപയായിരുന്നു. തലശ്ശേരി, വഴുതക്കാട്, കോട്ടയം എന്നീ സ്ഥലങ്ങളിലെ ഹൈപ്പർ മാർക്കറ്റുകളുടെ നിർമ്മാണച്ചുമതല കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനുമാണ് നൽകിയിരിക്കുന്നത്. കരാർ തുക ചുവടെ ചേർക്കും പ്രകാരമാണ് :

തലശ്ശേരി	-71,80,000രൂപ
വഴുതക്കാട്	-1,04,48,900 രൂപ
കോട്ടയം	-3,43,00,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly

(സി) തലശ്ശേരി ഹൈപ്പർ മാർക്കറ്റ് കെട്ടിട നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ കരാർ കാലാവധി ഏപ്രിൽ 2011-ന് അവസാനിക്കും. വഴുതക്കാട് ഹൈപ്പർ മാർക്കറ്റിന്റെ പണി ഏകദേശം 25% പൂർത്തിയായി. ഇതിന്റെ കരാർ കാലാവധി ഒക്ടോബർ 2010-ന് അവസാനിക്കും. കോട്ടയം ഹൈപ്പർ മാർക്കറ്റിന്റെ പണി ഏകദേശം 20% പൂർത്തിയായിട്ടുണ്ട്. ഡിസംബർ 2010-ൽ കരാർ കാലാവധി അവസാനിക്കും.

(ഡി) തിരുവനന്തപുരത്ത് ഹൈപ്പർ മാർക്കറ്റിനുവേണ്ടി സൂപ്പർ മാർക്കറ്റിന്റെ പ്രവർത്തനം നിർത്തലാക്കിയിട്ടില്ല.

(ഇ) വഴുതക്കാടിൽ ഹൈപ്പർ മാർക്കറ്റിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനായി സപ്ലൈകോ ഹെഡ്ഓഫീസിൽ ഒരു കമ്മിറ്റി നിലവിലുണ്ട്.

മാവേലി ഹോട്ടലുകൾ

79 (5757) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന മാവേലി ഹോട്ടലുകൾക്ക് നൽകുന്ന പയറിന്റെയും പലവ്യഞ്ജനങ്ങളുടെയും വില ക്രമാതീതമായി വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ബി) ഈ ഹോട്ടലുകൾ ഇപ്പോൾ അടച്ചുപൂട്ടൽ ഭീഷണിയിലാണോ ; എങ്കിൽ ഇവയുടെ നിലനിൽപ്പിന് സബ്സിഡി പുനഃസ്ഥാപിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മാവേലി ഹോട്ടലുകൾക്ക് നൽകുന്ന പയറിന്റെയും പലവ്യഞ്ജനങ്ങളുടേയും വില സബ്സിഡി നിരക്കിലാണ് വിതരണം ചെയ്യുന്നത്

(ബി) അല്ല. മാവേലി ഹോട്ടലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സബ്സിഡി നിരക്കിൽ ആവശ്യമായ അവശ്യവസ്തുക്കൾ ലഭ്യമാക്കുന്നതിനായി സർക്കാർ സപ്ലൈകോയ്ക്ക് അധിക സബ്സിഡി ഇനത്തിൽ 5 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. മാവേലി ഹോട്ടലുകളുടെ പ്രവർത്തനം കൂടുതൽ സ്ഥലത്ത് വ്യാപിപ്പിക്കാനും ജനോപകാരപ്രദമാക്കാനും ഈ സബ്സിഡി തുക പ്രയോജപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly